തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനറൽ പി.ഡി. അക്കൗണ്ട്

28 (*325) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങളിൽ ജനറൽ പി.ഡി. അക്കൗണ്ട് നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യമെന്താണ് ;

(സി) ഈ ഉദ്യേശ്യങ്ങൾക്ക് വിരുദ്ധമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതുസംബന്ധമായി എന്ത് നടപടി സ്വീകരിച്ചു ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം സ്വീകരിക്കുന്നതിന്.

(സി) ഉണ്ട്.

(ഡി) പി.ഡി. അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാനായി ചെക്ക് ഇഷ്യൂ ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡെങ്കിപ്പനി തിരിച്ചറിയാൻ സംവിധാനവും രക്തപരിശോധനാ സജ്ജീകരണവും

29 (*326) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊതുക് പരത്തുന്ന മാരകമായ ഡെങ്കിപ്പനി തിരിച്ചറിയാൻ സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ പ്രത്യേക സംവിധാനം നിലവിൽ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സംവിധാനം ഓരോ ആശുപത്രിയിലും സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ മുതൽമുടക്ക് വേണ്ടിവരുമെന്ന് പറയാമോ ;

(സി) ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട് രക്ത പരിശോധന നടത്തുന്നതിനുള്ള സംവിധാനം കൂടുതൽ ആശുപത്രികളിൽ സജ്ജീകരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള എല്ലാ ആശുപത്രികളിലും ഡെങ്കിപ്പനി തിരിച്ചറിയാനുള്ള പ്രാഥമിക രക്തപരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ഉണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ശ്രീചിത്രാ മെഡിക്കൽ സെന്ററിലും പബ്ലിക് ഹെൽത്ത് ലാബുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും ഡെങ്കിപ്പനി രോഗം സ്ഥിരീകരിക്കുന്നതിനുള്ള പ്രത്യേക പരിശോധനാ സൗകര്യങ്ങൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡെങ്കിപ്പനി രോഗം സ്ഥിരീകരിക്കുന്നതിനുള്ള പരിശോധന നടത്തുന്നതിനാവശ്യമായ ഐ.ജി.എം., എലൈസ ടെസ്റ്റ് കിറ്റും എലൈസ റീഡറും മറ്റു ലബോറട്ടറി സാധനങ്ങൾക്കുമായി ഓരോ ആശുപത്രികളിലും ഏകദേശം 3 ലക്ഷം രൂപ വീതം ചെലവുവരും.

(സി) ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട പ്രാഥമിക രക്ത പരിശോധന [പാക്ട് സെൽ വോള്യം(പി.സി.വി.) പ്ലേറ്റ്‌ലറ്റ് കൗണ്ട്] നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾത്തന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാണ്. എന്നാൽ രോഗം സ്ഥിരീകരിക്കുന്നതിനുള്ള എലൈസാ ടെസ്റ്റിനുള്ള സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരത്തെ ശ്രീചിത്രാ മെഡിക്കൽ സെന്ററിലും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും ജില്ലാ ആശുപത്രികളിലും മാത്രമേ ലഭ്യമായിട്ടുള്ളൂ. ഈ ടെസ്റ്റുകൾ നടത്തുന്നതിനുള്ള സംവിധാനം ഓരോ സ്ഥാപനത്തിലും നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പനി ബാധിച്ചെത്തുന്ന രോഗികളിൽ സംശയമുള്ളവരുടെ രക്തസാമ്പിളുകൾ യഥാവിധി ശേഖരിച്ച് പരിശോധനാ സൗകര്യമുള്ള കേന്ദ്രങ്ങളിൽ എത്തിച്ച് പരിശോധന നടത്തിവരുന്നുണ്ട്.

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി

30 (*327) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ;

(ബി) ദേശീയ സംസ്ഥാന ഹൈവേകളുടെയും മറ്റു പ്രധാനപ്പെട്ട റോഡുകളുടെയും സമീപത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്വകാര്യ ആശുപത്രികളിൽ അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, ഇത്തരം അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ 'ട്രോമാകെയർ' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നതും ദേശീയ പാതകളുടെയും സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട പാതകളുടെയും സമീപത്തുള്ളതുമായ ഏഴ് ആശുപത്രികളിൽ പുതുതായി കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കാഷ്വാലിറ്റി യൂണിറ്റുകൾ ഉള്ള ആശുപത്രികളിലേയ്ക്ക് അടിയന്തിര ചികിത്സയ്ക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ 1.50 കോടി രൂപ മുടക്കി ഒരു ട്രോമാകെയർ സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly